ആശുപത്രിയിലെ സീനിയർ മെഡിക്കൽ ആഫീസർ ഇപ്പോൾ ആശുപത്രി സൂപ്രണ്ടിന്റെ ചുമതല വഹിച്ചുവരുന്നു. ഫിസിഷ്യന്റെയും സർജന്റെയും തസ്തികകൾ നികത്തുന്നതിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവെങ്കിലും ആരേയും ലഭിച്ചില്ല.

സർജന്റെ ഒഴിവിലേക്ക് സർജറി ബിരുദം നേടിയ ഇ.എസ്.ഐ.യിലെ ഡോക്ടറെ ഉടനെ നിയമിക്കുന്നതാണ്. ഓപ്പറേഷൻ തിയേറ്റർ അറ്റന്ററുടെ പ്രമോഷൻ തസ്തികയാണ് ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ തസ്തിക. എക്സ്റേ ടെക്നീഷ്യന്റെ തസ്തിക എക്സ്റേ അറ്റന്റർമാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുകയാണ്.

പ്രവർത്തനരഹിതമായ പൊതുശൗചാലയസമുച്ചയങ്ങളും തോട്ടങ്ങളും

73 [535] *ശ്രീ. ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ പണിമുടക്ക് നടന്നപ്പോൾ എത്ര തോട്ടങ്ങൾ പ്രവർത്തനരഹിതമായിരുന്നു;

(ബി) പൂട്ടിക്കിടക്കുന്ന പൊതുശൗചാലയങ്ങളും തോട്ടങ്ങളും പ്രവർത്തിക്കാത്തത് തൊഴിൽത്തർക്കംമൂലമാണോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) തോട്ടം തൊഴിലാളികൾ പ്രധാനമായും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സാമ്പത്തികപ്രതിസന്ധിമൂലം അടഞ്ഞുകിടന്നിരുന്ന തോട്ടങ്ങൾക്കു പുറമെ പ്രവർത്തിച്ചുകൊണ്ടിരുന്ന പല തോട്ടങ്ങളും പണിമുടക്കുകാലത്ത് പ്രവർത്തനരഹിതമായിരുന്നു. കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) അല്ല.

(സി) 2002 ഏപ്രിൽ 1 മുതൽ മുൻകാലപ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുക, മരവിപ്പിച്ച ഡി.എ. കുടിശ്ശികസഹിതം പുനഃസ്ഥാപിക്കുക, നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2000-നു ശേഷം തോട്ടങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുക എന്നീ ആവശ്യങ്ങളാണ് തൊഴിലാളികൾ ഉന്നയിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly